(ബി) കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ എന്തായിരിക്കുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട്, 2003 ജീവനക്കാർക്ക് നൽകുന്ന എല്ലാ പരിരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടാണ് 31-10-2013-ലെ റീവെസ്റ്റിംഗ് വിജ്ഞാപനം ഇറക്കിയിരിക്കുന്നത്. ജീവനക്കാരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ ഒട്ടും കുറവുവരാതെ അവ സംരക്ഷിക്കണമെന്ന വൈദ്യുതി നിയമത്തിലെ 133, 134 വകുപ്പുകളിലെ നിർദ്ദേശങ്ങളനുസരിച്ചാണ് കൈമാറ്റപദ്ധതിയിലെ വ്യവസ്ഥകളും തയ്യാറാക്കിയിട്ടുള്ളത്. കെ.എസ്.ആർ., കെ.എസ്.എസ്.ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കൈമാറ്റപദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനിയിലും ബാധകമായിരിക്കും.

(ബി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയിലും തുടരുന്നതാണ്. എന്നാൽ സർക്കാരിന്റെ അനുമതിയോടുകൂടി വൈദ്യുതി നിയമത്തിലെയും രണ്ടാം കൈമാറ്റ പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതിനും പുതിയ റെഗുലേഷനുകളിറക്കുന്നതിനും കൈമാറ്റ പദ്ധതിയിൽ കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മസ്ദൂർ തസ്തികയിലെ നിയമനങ്ങൾ

54 (6505) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി വകുപ്പിൽ ആകെ എത്ര മസ്ദൂർ തസ്തികകളാണുള്ളത് ; അവയിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതതസ്തികയുടെ എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇനിയും റിപ്പോർട്ടുചെയ്യാനായി എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 478 മസ്ദൂർ തസ്തികകളുണ്ട്, 477 ജീവനക്കാരുണ്ട്.

(ബി) എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യാനായി ഒഴിവുകളില്ല.

ലൈൻമാൻമാരുടെ എണ്ണവും ചുമതലകളും

55 (6506) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലും ശരാശരി എത്ര ലൈൻമാൻമാരുടെ തസ്തികകളാണുള്ളതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈൻമാൻമാരുടെ എണ്ണം നിശ്ചയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് ;

(സി) ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി കണക്ഷനുകളുടെ എണ്ണം കുറവും പട്ടണങ്ങളിൽ കണക്ഷനുകളുടെ എണ്ണം കൂടുതലുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്നാൽ ഈ വർദ്ധനവിന് അനുസരിച്ച് ലൈൻമാൻമാരുടെ എണ്ണം പട്ടണങ്ങളിൽ കുറവാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) മുൻകാലങ്ങളിൽ ഓരോ ലൈൻമാൻമാർക്കും പ്രത്യേകം ഏരിയ നിശ്ചയിച്ചുനൽകിയിരുന്നത് എന്നുമുതലാണ് ഒഴിവാക്കിയത് ; ഇങ്ങനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ലൈൻമാൻമാർക്ക് പ്രത്യേക പ്രദേശത്തിന്റെ ചുമതല നൽകാത്തതിനാൽ വൈദ്യുതലൈനുമായി ബന്ധപ്പെട്ട ഏതുപ്രശ്നംവന്നാലും വ്യക്തിപരമായ ഉത്തരവാദിത്വം ലൈൻമാർക്ക് ഇല്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മോഡൽ സെക്ഷനിലെ ലൈന്മാന്മാരുടെ എണ്ണം ഷിഫ്റ്റ് നിലവിലുള്ള ഓഫീസുകളിൽ 14 ആയും ഷിഫ്റ്റ് നിലവിലില്ലാത്ത ഓഫീസുകളിൽ 12 ആയും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസ് ആസ്ഥാനത്തുനിന്നും 10 കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചുകിടക്കുന്ന സെക്ഷനുകളിൽ ഒരു ലൈന്മാൻകൂടി കൂടുതലായി ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്.

(ബി) 2000-ൽ രൂപീകൃതമായ ഡിസ്ട്രിബ്യൂഷൻ ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശങ്ങളും അംഗീകൃത തൊഴിലാളി സംഘടനകളുമായുണ്ടാക്കിയ ദീർഘകാല കരാറിൽ നിർദ്ദേശിച്ചിട്ടുള്ളതിൽനിന്നും സിസ്റ്റത്തിന് വരുത്തേണ്ടതായി വരുന്ന മാറ്റങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ ഉപഭോക്തൃ സൗഹൃദ സമീപനമെന്ന നിലയിൽ ഉപഭോക്താക്കൾക്ക് പരമാവധി തൃപ്തികരമായരീതിയിൽ സേവനം നൽകുന്നതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയുണ്ടാക്കുകയും ടി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുകയും അതനുസരിച്ച് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനങ്ങളെ ചുമതലകളുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കാനും ഓരോ വിഭാഗത്തിലെയും ജീവനക്കാരുടെ അംഗസംഖ്യ കൃത്യമായി നിർണ്ണയിക്കാനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ലൈന്മാന്മാരുടെ അംഗസംഖ്യ നിശ്ചയിക്കപ്പെട്ടത്. ചുമതലകളെ മൂന്ന് വിഭാഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ടും അംഗസംഖ്യ നിശ്ചയിച്ചുകൊണ്ടും മോഡൽ സെക്ഷൻ ഉത്തരവ് ബോർഡ് ഇറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) പട്ടണങ്ങളിലെ സെക്ഷൻ ഓഫീസുകളിൽ താരതമ്യേന ഉപഭോക്താക്കളുടെ എണ്ണം കൂടുതലാണെങ്കിലും സെക്ഷന്റെ വിസ്തൃതി ഗ്രാമപ്രദേശങ്ങളെക്കാൾ കുറവാണ്. സെക്ഷനുകളിൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് വിസ്തൃതി, പ്രത്യേക ഭൂപ്രകൃതി എന്നിവ കൂടി കണക്കിലെടുത്ത് അവ വിഭജിച്ച് പുതിയ സെക്ഷനുകൾ അനുവദിക്കുകയും വിവരങ്ങളിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻസൗകര്യത്തോടുകൂടിയ സബ് എഞ്ചിനീയർ ഓഫീസുകൾ അനുവദിക്കുകയും ചെയ്തുവരുന്നു. കൂടാതെ സെക്ഷൻ ആസ്ഥാനത്തുനിന്നും 10 കിലോമീറ്ററിൽ കൂടുതൽ റേഡിയൽ ഡിസ്റ്റൻസ് ഉള്ള പ്രദേശങ്ങളിൽ ബ്രേക്ക് ഡൗൺ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഒരു ലൈന്മാനെ അധികമായി നിയമിക്കുന്നതിനായി ലൈന്മാന്മാരുടെ 243 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നിലവിലുള്ള സെക്ഷനുകളിൽ രണ്ട് ലൈന്മാന്മാരേയും കൂടുതലായി അനുവദിച്ചിട്ടുണ്ട്.

(ഇ) 4-6-2009-ലെ ബോർഡ് ഉത്തരവ് പ്രകാരം മോഡൽ സെക്ഷനുകളിലെ ജീവനക്കാരെ ക്യാപിറ്റൽ ആന്റ് മെയിന്റനൻസ് വിംഗ്, റവന്യൂ വിംഗ്, ബ്രേക്ക്ഡൗൺ വിംഗ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി വിഭജിച്ച് രണ്ട് ലൈന്മാന്മാരെവീതം ക്യാപിറ്റൽ ആന്റ് മെയിന്റനൻസ് വിംഗ്, റവന്യൂ വിംഗ് എന്നീ വിഭാഗങ്ങളിൽ നിയോഗിക്കുകയും മറ്റ് ലൈന്മാന്മാരെ ബ്രേക്ക്ഡൗൺ വിഭാഗത്തിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ലൈന്മാന്മാർക്ക് പ്രത്യേക പ്രദേശത്തിന്റെ ചുമതല നൽകിയിട്ടില്ലെങ്കിലും ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് നിയുക്തരായിട്ടുള്ള സംഘത്തിലെ ജീവനക്കാർ അവ കൃത്യമായി പരിഹരിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാറ്റുവിറ്റിയുടെ പലിശ തിരിച്ചുപിടിച്ച നടപടി

56 (6507) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ 1994-നുശേഷം വിരമിച്ച ജീവനക്കാർക്ക് വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റി സംബ്യയുടെ അർഹമായ പലിശ തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) കേന്ദ്രഗ്രാറ്റുവിറ്റി നിയമപ്രകാരം വിതരണം ചെയ്ത അധിക ഗ്രാറ്റുവിറ്റിക്ക് അർഹമായ പലിശ നൽകണമെന്ന കോടതിവിധി നിലവിലുണ്ടോ;

(സി) വിരമിച്ച ജീവനക്കാർക്ക് അർഹമായി ലഭിക്കേണ്ട പലിശ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly